# AFF NEWS LETTER

(Sponsored by the Alunkal Family Fellowship, Kandanad (Reg. No. ER 184/08)
www.alunkal.com
Annual Day Special
(For private circulation among the members only)

Vol. 7, No. 1 March 2014

***Presidential column:***

The Family Day, 2014 was a unique occasion showcasing our young talents. Replete with enthusiastic cultural display by our children, the stage was literally on fire with brisk and colorful artistic performances. Competing with children, our seniors were in no mood to relent their space in the field of performing arts. It was thus a blend of youth and veterans, vying with each other to establish their rightful hold on the family audience.

The whole one-day programme was well balanced with serious and solemn proceedings, which included bestowing honor to our elders, paying homage to the departed, presenting dissertations on family history and tracing ancestral lineage.

As an entity with noble social objectives our thrust areas are dissemination of knowledge, providing educational scholarships and awards and give medical aid for the poor and the needy. All these activities are performed within the permissible frame work of our constitution as a registered society.

Our Fellowship is acclaimed as one of best in terms of participation and performance. I wish to thank each one of you for the unstinted support, which has made our organization the proudest symbol of the family.

Dr. A.C. Paul

**AFF pageant 2014** (in brief)

Mor Sacralla Baselious Center at Kandanad witnessed a family carnival on 19th January Sunday in connection with the 14th Annual Meet of Alunkal Family Fellowship. The trickling in of participants, who started from 11 am onwards to the venue, gathered exceptional momentum by 12 noon. Children's sports events were very lively and provided some amusing moments. Family get-together over lunch break was a unique occasion for nostalgic memories and renewal of family bonds. Children's cultural programme that followed was rare display of artistic talents by our children, showcasing their flair in dance, music, drama, magic show, etc.

The General Body meeting started at 2.45 pm, which was chaired by Dr. A.C. Paul, President of the Fellowship. The meeting started in solemn note by the opening prayer and memorial homage. Mr. K.V Mohandas, Vice- President, welcomed the gathering and those in dais, especially the Chief- Guest of the day, Prof. Joy Sleeba. Dr. A.C. Paul, in his Presidential address congratulated all the young participants of the cultural show and exhorted the elders to show resilience and adoptability in order to provide a congenial atmosphere for the young generation to grow in harmony with the age-old value systems. Mrs. Lilly Varghese, General Secretary, presented the Annual Report, followed by Mr. Paul Mathew, Treasurer, who presented the audited Financial Report. Mrs. Achamma George, who completed 90 years, was honored in the meeting along with 9 senior members who completed 75 years. The programme was led by Shri Avira Varghese, Sr. Vice-President and Mr. Elias Abraham, Managing Treasurer. The newly married couples in the family were introduced by Dr. Suresh Mathew, Vice-President.

The "A.M Thomas memorial lecture" was delivered by Prof. Joy Sleeba. He recalled that Shri Thomas was an out and out family man, notwithstanding his busy political life. As a dedicated devotee of the Church he served as a liturgy aide, donning attire of the "Kapyar", while assisting in the Holy Qurbano. His affection and commitment to the family was unparallel, recalled Prof. Joy. Dr. A.C. Paul delivered the "Mrs. Saramma Kurian birth centenary speech". He presented a brief life history of Saramma Ammai, highlighting her stellar achievements in education, and elucidated her memorable role in fostering family ties. The personal diary of Mrs. Saramma Kurian was the main source and reference for our Family History, recalled Dr. Paul.

Mr. James Thomas officiated as Election Officer for the new Governing Body of the Fellowship. The election of the Executive Committee was smooth and all members were elected unanimously.

The meeting was concluded at 6 pm with luck-dip draw and vote of thanks by Mr. A.B. Sherin,

Secretary (Programme). 52 families were represented in the meeting with nearly 160 members attending this year's get together; making it one of the best attended families meets in recent times.

The Annual General Body was followed by the first meeting of the newly elected Executive Committee at the same venue.

**വാർഷികാഘോഷം 2014**

(ലില്ലി വർഗീസ്, സാനുബാ കുര്യൻ)

ആലുങ്കൽ ഫാമിലിഫെല്ലോഷിപ്പിന്റെ 14–ാമത് വാർഷികാഘോഷങ്ങൾ 2014 ജനുവരി മാസം 19–ാം തീയതി ഞായറാഴ്ച കണ്ടനാട് ശക്രുള്ളാ മോർ ബസ്സേലിയോസ് സെന്ററിൽ വച്ച് പ്രൗഢമായ ചടങ്ങുകളോടെ സാഘോഷം കൊണ്ടാടി.

രാവിലെ 11 മണിയോടെ അംഗങ്ങളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. വിവിധ പ്രായപരിധിയിൽപ്പെട്ട അംഗങ്ങളുടെ വാശിയേറിയ മത്സരങ്ങൾ ശ്രീ പോൾ മാത്യു, അരുൺപോൾ, വിനോയ് തോമസ്സ്, എന്നിവർ നിയന്ത്രിക്കുകയും സമ്മാനാർഹരെ കണ്ടെത്തുകയും ചെയ്തു.

തുടർന്ന് ഉച്ചഭക്ഷണവും അംഗങ്ങളുടെ സ്നേഹോഷ്മളമായ സംഗമവും നടന്നു.

ഒട്ടും വൈകാതെ തന്നെ കുട്ടികളുടെ കലാപരിപാടികൾക്ക് തുടക്കമായി. വിവിധ കലാമത്സരങ്ങളിൽ കുട്ടികൾ പ്രദർശിപ്പിച്ച വൈദഗ്ധ്യവും ചാരുതയും ഏറെ പ്രശംസ നേടി. നമ്മുടെ പുതിയ തലമുറയുടെ ആവേശവും കരുത്തും പ്രകടിപ്പിക്കുവാൻ ഇതുപോലെ ഒരു വേദി ഒരുക്കികൊടുക്കുവാൻ സാധിച്ചതിൽ AFFന് വളരെ അഭിമാനമുണ്ട്.

വൈകീട്ട് 2.45ന് പൊതുയോഗം ആരംഭിച്ചു. അലിൻഡ, കുര്യൻ, ഷാരോൺ എന്നിവർ ചേർന്നാലപിച്ച പ്രാർത്ഥനാ ഗാനാലാപനത്തെ തുടർന്ന് എല്ലാവരും എഴുന്നേറ്റുനിന്ന് നമ്മിൽനിന്നും വാങ്ങിപോയ പരേതർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

വൈസ്പ്രഡിഡന്റ് ശ്രി കെ. വി.. മോഹൻദാസ് തന്റെ സ്വാഗത പ്രസംഗത്തിൽ AFFന്റെ അംഗമാകാൻ കഴിഞ്ഞതിലുള്ള അതിയായ സന്തോഷവും ഒപ്പം ആലുങ്കൽ അച്ചന്റെ കൊച്ചുമകനാണെന്നുള്ള അഭിമാനവും സദസ്യരെ അറിയിച്ചു. ഇതുപോലെയുള്ള കൂട്ടായ്മയുടെ പ്രസക്തിയും ശിഥിലമായിപോകുന്ന കുടുംബ ബന്ധങ്ങളുടെ ഒത്തുചേരലുകളും ഇന്നത്തെ സമൂഹത്തിന്റെ ആവശ്യമാണെന്ന് ഉദ്ബോധിപ്പിച്ചുകൊണ്ട് അദ്ദേഹം എല്ലാവരെയും സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്തു.

തുടർന്ന് നിലവിളക്ക് തെളിയിച്ചുകൊണ്ട് യോഗത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നടന്നു.

പ്രസിഡന്റ് ഡോ. എ.സി. പോൾ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ യുവതലമുറയുടെ കുതിപ്പിനൊപ്പം മുതിർന്നവരും തങ്ങളുടെ പ്രവർത്തന ശൈലി ഉയർത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. ഫാമിലി രജിസ്റ്റർ തയ്യാറാക്കുന്നതിന് അംഗങ്ങളുടെ പൂർണ്ണമായ സഹകരണം ഉണ്ടാകേണ്ടതാണെന്നും അദ്ദേഹം സദസ്യരെ ഓർമ്മപ്പെടുത്തി.. തുടർന്ന് ജനറൽ സെക്രട്ടറി ശ്രീമതി ലില്ലി വർഗീസ് വാർഷിക റിപ്പോർട്ടും, ശ്രീ പോൾ മാത്യു ആഡിറ്റഡ് അക്കൗണ്ട്സ് റിപ്പോർട്ടും അവതരിപ്പിച്ചത് യോഗം ഐകകണ്ഠ്യേന പാസ്സാക്കി.

കുടുംബാംഗങ്ങളിൽ ഏറ്റവും പ്രായം കൂടിയ, നവതി ആഘോഷിക്കുന്ന ശ്രീമതി അച്ചാമ്മ ജോർജ്ജിനെയും 75 വയസ്സ് പൂർത്തിയാക്കിയ മറ്റ് 9 പേരേയും മെമന്റോകൾ നൽകി ആദരിച്ചു. ഇവരുടെ ലഘു ജീവചരിത്രങ്ങൾ ശ്രീ അവിരാ വർഗ്ഗീസും, ശ്രീ ഏലിയാസ് എബ്രഹാമും ചേർന്ന് സദസ്യർക്ക് വിവരിച്ചു.

തുടർന്ന് ഫെല്ലോഷിപ്പിന്റെ സ്ഥാപക പ്രസിഡന്റ് ശ്രീ. എ. എം തോമസ് അനുസ്മരണ പ്രഭാഷണം നടന്നു. അദ്ദേഹത്തിന്റെ സഹോദരി പുത്രൻ പ്രൊ. ജോയ്സ്ലീബ തന്റെ ബാല്യകാലം "കണിയാവള്ളി" വീട്ടിൽ അമ്മാവനോടൊപ്പം ചെലവഴിച്ച നാളുകൾ തുടങ്ങി അവസാന നാളുകൾ വരെയുള്ള ഓരോസംഭവങ്ങളും വളരെ ഹൃദയസ്പർശ്ശിയായി സദസ്യരുടെ മുൻപിൽ അവതരിപ്പിച്ചു.

സ്ഥാപക മെമ്പറും കുടുംബ ചരിത്ര രചയിതാവും മുൻ വൈസ്പ്രഡിഡന്റുമായ ശ്രീമതി സാറാമ്മകുര്യന്റെ 100–ാം ജന്മശതാബ്ദിയോടനുബന്ധിച്ച് ഒരു വിശേഷാൽ അനുസ്മരണം നടന്നു. ഡോ. എ. സി. പോൾ, ശ്രീമതി സാറാമ്മ കുര്യൻ അനുസ്മരണ പ്രഭാഷണം നടത്തി.

ആലുങ്കൽ കുടുംബത്തിലെ അപൂർവ്വ വ്യക്തികളിൽ ഒരാളായിരുന്നു ശ്രീമതി സാറാമ്മ കുര്യൻ എന്ന് അദ്ദേഹം അനുസ്മരിച്ചു. ബിരുദം

കരസ്ഥമാക്കിയ നാട്ടിലേയും കുടുംബത്തിലെയും പ്രഥമ വനിത, കണ്ടനാട് സെന്റ് മേരീസ് സ്കൂളിലെ പ്രഥമ പ്രധാനാദ്ധ്യാപിക, എറണാകുളം വനിതാ ക്ലബ്ബിന്റെ പ്രസിഡന്റ്, ആലുങ്കൽ ഫാമിലി ഫെല്ലോഷിപ്പിന്റെ പ്രഥമ ഉപാദ്ധ്യക്ഷ, കുടുംബ ചരിത്രത്തിന്റെ ശില്പി എന്നീ നിലകളിൽ സമൂഹത്തിനും കുടുംബത്തിനും മറക്കാനാവാത്ത ഒട്ടേറേ സംഭാവനകൾ ചെയ്ത വ്യക്തിയായിരുന്നു സാറാമ്മ അമ്മായി എന്ന് അദ്ദേഹം എടുത്തു പറഞ്ഞു. അവരുടെ സ്മരണക്കായി 14-ാം കുടുംബ വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഹെറിട്ടേജ് പ്രദർശനവും അനുസ്മരണവും ഏറെ ഉചിതമായി എന്ന് അദ്ദേഹം വിലയിരുത്തി. ജന്മശതാബ്ദിയുടെ ഓർമ്മക്കായി ഒരു വിദ്യാഭ്യാസ എൻഡോവ്മെന്റ് മക്കളായ ലാലു, സാനുബ എന്നിവർ ചേർന്ന് ഏർപ്പെടുത്തിയത് മീറ്റിംഗിൽ പ്രഖ്യാപിച്ചു.

പൈതൃക പഠനത്തിന്റെ ഭാഗമായി അന്യം നിന്നുപോയി എന്നുകരുതിയിരുന്ന കരോട്ട് ആലുങ്കലെ കുറിച്ചുള്ള ചില ചരിത്ര വിവരങ്ങൾ സെക്രട്ടറി ശ്രീമതി സാനുബ കുര്യൻ സദസ്സുമായി പങ്കുവച്ചു.

പ്രാർത്ഥന-അനുസ്മരണ യോഗങ്ങളുടെ (FAM) ആവശ്യവും പ്രസക്തിയും ശ്രീ എ.എം. യോഹന്നാൻ വിശദീകരിച്ചു.

നവദമ്പതികളെ ഡോ. സുരേഷ്മാത്യു സദസ്സിന് പരിചയപ്പെടുത്തി. ഈയിടെ വിവാഹിതരായ ബിനിത-കുര്യൻ ദമ്പതികളുടെ സാന്നിദ്ധ്യവും സമ്മേളന വേദിയിലെ പരിചയപ്പെടലും ഏറെ ഹൃദ്യമായി.

തുടർന്ന് വിവിധ എൻഡോവ്മെന്റ് വിതരണവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു. ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് ശ്രീ ജെയിംസ് തോമ്മസ്സ് വരണാധികാരിയായി മേൽനോട്ടം വഹിച്ചു. എല്ലാ ഭാരവാഹികളെയും ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

കലാകായിക മത്സരങ്ങളിൽ പങ്കെടുത്തവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

സമ്മേളനത്തോടനുബന്ധിച്ച് എല്ലാ സജ്ജീകരണങ്ങൾക്കും നേതൃത്വം നൽകിയത് സീനിയർ വൈസ് പ്രസിഡന്റ് ശ്രീ അവിര വർഗ്ഗീസ് അവർകളാണ്. അദ്ദേഹത്തിനൊപ്പം പ്രവൃത്തിച്ച എല്ലാ ഭാരവാഹികൾക്കും കുടുംബാംഗങ്ങൾക്കും പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു.

സമ്മേളനവേദിയിലെ എല്ലാ പരിപാടികളും വളരെ കൃത്യതയോടും തന്മയത്വത്തോടും കോംപെയർ ചെയ്ത അഡ്വ. കെ.എ. പ്രകാശ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

ശ്രീ ഷെറിൻ ബേബിയുടെ കൃതജ്ഞതയും ലക്കി ഡിപ്പിനും ശേഷം 6 മണിയോടെ യോഗം സമംഗളം പര്യവസാനിച്ചു.

**കായിക മത്സര വിജയികൾ**

1) മിഠായി പെറുക്കൽ
ശമോലി, ഫിലിപ്പ് മാത്യു

**2) മ്യൂസിക്കൽ ചെയർ (കുട്ടികൾ)**
മരിയ എബ്രഹാം, അൻസ
ശലോമോൻ, അലൻ ഷാജി
(മുതിർന്നവർ)
സബിത ഷെറിൻ, അനു സാജു

**3) സ്പൂൺ റേസ് (കുട്ടികൾ)**
അലിൻഡ സാജു, ഫിലിപ്പ് മാത്യു, ആൻസ, മരിയ അബ്രഹാം, ശാലോമോൻ, കുര്യൻ

(മുതിർന്നവർ)
അൻസു, ബിനി പ്രിൻസ്
ബീന ഷാജി, ഷെർലി പയസ്, ഷൈനി ഹാരിസ്

**കലാപരിപാടിപകളിൽ പങ്കെടുത്തവർ**

1) നൃത്തം: മേഘന ജോബ്സി, നൈന ജോബ്സി, അനു സാജു, അലിൻഡ സാജു, അൻസു സാബു, ഫിലിപ്പ് മാത്യു, ഹൃദ്യ സുരേഷ്, ശലോമി, സോളമൻ, ജറിൻ, അലൻ, അലീന.

**2) മാജിക് ഷോ** : ജെറിൻ ഹാരിസ്സ്

**3) സംഘഗാനം** : ജിഷ ജോബ്സി, ഷിബി നെബു, മേഘ്ന ജോബ്സി, അൻസു സാബു, അലിൻഡ സാജു, കുര്യൻ ഏലിയാസ്, എബൻ സാബു, ശലോമി, അലൻ, ജെറിൻ

**4) സോളോ സോംഗ്സ്** : എയ്ഞ്ചൽ മരിയ, അലിൻഡ സാജു, അനു സാജു, ഐറിൻ മാത്യു, ഫിലിപ്പ് മാത്യു, അജിഷ സാറാമോഹൻ, എബൻ സാബു, എസ്ക്കിയേൽ ജിജോ, ശലോമി, ഹൃദ്യ സുരേഷ്, അലീന ഷാജി

## Rare incentives to education and healthcare

Our Fellowship appreciably contributes to promotion of public education in and around Kandanad. 8 awards, including 6 scholarships, were distributed this year.

Three scholarships each of Rev. Fr. A.V. Abraham Memorial Endowment were given to the students nominated from the Govt. Junior Basic School and St. Mary's High School Kandanad. The final year students in these institutions were also presented with citation shields. Kum Adheena Justin, Master Sibin Varghese and Kum Saniya Aniyan (all from JBS) and Master C.L. Laijesh, Kum K.S. Athira and Kum Devimol Pavithran (all from St. Mary's HS) were the recipients of these Scholarships.

Master K.S. Sanath SSLC topper from Govt. High School Kadungamangalam bagged the A.M. Thomas Memorial Merit Award & Shield 2013. Master T.S Ananthakrishnan, from the MOM Lower Primary School, Kadungamangalam got A.T. Chacko Memorial Merit Award & Shield.

Children of our family members did well in public examinations last year. Kum. Anu Saju topped the chart with 95% in the CBSC 10th and received the educational endowment and "Saramma Kurian Birth Centenary Shield", closely followed by Master Jortin Haris (94%), who got the "A.I. Kurian Prize". The topper in Plus 2, Master Sachin Shaji also received the educational endowment. The educational merit awards to the children of our family members are sponsored in the revered memory of late Shri A.A. Avira, Mrs. Saramma Varghese, Mrs. Kunjumma (Sappirah) Abraham and Shri A.I. Kurian, by family members. AFF congratulates all our children for their splendid show in public examinations and wishes them brilliant academic future.

Medical endowment sponsored in memory of Late Mrs. Lovely Paul and Shri A.V. Mathai, was awarded to the ailing 86 year old agricultural laborer, Shri Pappukunju.

**Cultural feast:**

The 14th Family Meet witnessed excellent cultural display by our children and veteran family members. Dr. Mohan George charmed the audience with his melodious rendering of popular Hindi film song. Mrs. Molly Philip rendered devotional song, with rare fidelity. The dance performance by the mother- daughter duo Dr. Mrs. Sheela Mohan and Dr. Mrs. Jittu George had classical elegance. Our talented children and youngsters put up brilliant floor show, which set the stage blazing with action, variety and sizzling colors. (For details of the participants, see Malayalam section of this edition).

## കരോട്ട് ആലുങ്കൽ – അകന്നുപോയ കണ്ണി

(സാനുബ കുര്യൻ)

രേഖകളുടെയും തെളിവുകളുടെയും ദൌർബ്ബല്യം ചരിത്രത്തിലൂടെയുള്ള യാത്രക്ക് പ്രതിബന്ധമാണ്. ഇവിടെയാണ് ഐതീഹ്യങ്ങളുടെയും യുക്തിയുടെയും പാരമ്പര്യങ്ങളുടെയും പ്രാധാന്യം. ഈ പശ്ചാത്തലത്തിൽ വേണം കുടുംബ ചരിത്രത്തെയും വിലയിരുത്തേണ്ടത്. അത്തരത്തിൽ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി "അന്യം നിന്നു" എന്നു കരുതപ്പെട്ടിരുന്ന കരോട്ടെ ആലുങ്കൽ കുടുംബത്തിന്റെ അസ്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന ചില വസ്തുതകൾ പങ്കുവയ്ക്കുന്നു.

നമ്മുടെ പൂർവ്വികൻ ശ്രീ ഇട്ടീരായുടെ കനിഷ്ഠ സഹോദരനായിരുന്നു കരോട്ടെ ആലുങ്കൽ കുടുംബ കാരണവർ ശ്രീ അബ്രഹാം. കണ്ടനാട് പള്ളിയുടെ കിഴക്കുഭാഗത്തായി ഈ കുടുംബം സ്ഥിതി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഉടമസ്ഥതയിലായിരുന്ന സ്ഥലത്താണ് ഇന്നത്തെ മലയാള സ്കൂൾ സ്ഥിതിചെയ്യുന്നത്. ഈ സ്കൂൾ ഇവിടെ സ്ഥാപിക്കുവാൻ ആലുങ്കൽ അബ്രഹാം കത്തനാർ മുൻകൈ എടുത്തു എന്നത് ഒരു ദൈവനിയോഗം!

അക്കാലത്ത് ജാതിയുടെ പേരിൽ മനുഷ്യരെ വേർതിരിക്കുന്ന "അയിത്താചാരം" നിലനിന്നിരുന്നു. അവർണ്ണരായ ഭക്തർക്ക് പ്രത്യേക ക്ഷേത്രങ്ങളും മറ്റും ഇല്ലാതിരുന്നതുകൊണ്ട് ഇവർ ക്ഷേത്ര മതിൽക്കെട്ടിനുപുറത്ത് പ്രത്യേക സ്ഥലങ്ങളിൽ കാഴ്ചകൾ സമർപ്പിക്കുമായിരുന്നു. സവർണ്ണർ ഈ കാഴ്ചകൾ അംഗീകരിക്കുകയോ സ്വീകരിക്കുകയോ ചെയ്യുമായിരുന്നില്ല. പ്രധാന കാഴ്ചവസ്തു എണ്ണയായിരുന്നു. ഇങ്ങനെ പാഴായിപോകുന്ന വസ്തുക്കളെ ഉപയോഗിക്കുവാൻ അന്നത്തെ നാടുവാഴികൾ ഏർപ്പെടുത്തിയതാണ് "എണ്ണതൊട്ട് ശുദ്ധമാക്കുക" എന്ന ചടങ്ങ്. ഇതിനുള്ള മദ്ധ്യവർത്തിയായി തെരഞ്ഞെടുത്തത് ഉന്നതകുല ജാതരായ കൃസ്ത്യാനികളേയും.

കൃസ്ത്യാനികൾക്ക് എണ്ണ തൊട്ട് ശുദ്ധമാക്കാനുള്ള അവകാശം ചേരമാൻ പെരുമാൾ നൽകിയതാണ്. സിറിയായിൽ നിന്നും കുടിയേറിയവരുടെ നായകനായ ക്നായിതൊമ്മന് നാടുവാഴി കല്പിച്ച് ചെപ്പേടിലാക്കികൊടുത്ത 72 പദവിക

ളിൽ ഒന്നായിരുന്നു എണ്ണതൊട്ട് ശുദ്ധമാക്കാനുള്ള അവകാശം.

പ്രൊ. എം.കെ. സാനുമാസ്റ്ററുടെ "നാരായണഗുരു" എന്ന പുസ്തകത്തിൽ "തൈലാദി വസ്തുക്കൾ അശുദ്ധമായാൽ പൗലൂസ്സിനെക്കൊണ്ട് തൊടുവിച്ചെടുക്കാം" എന്ന പരാമർശം ഇവിടെ പ്രസക്തമാണ്.

മനകളുടെയും ഇല്ലങ്ങളുടെയും അറിയപ്പെടുന്ന നാടാണ് രാമമംഗലം. പെരുന്തച്ചൻ പണിത പെരും തൃക്കോവിൽ ഇവിടെ സ്ഥിതിചെയ്യുന്നു. ഷഡ്കാല ഗോവിന്ദമാരാരുടെ കുടുംബം വസിച്ചിരുന്നതും ഇവിടെ തന്നെ. വിഖ്യാതമായ ഈ ക്ഷേത്രങ്ങളിൽ മേൽ വിവരിച്ചപ്രകാരം എണ്ണയും മറ്റു പൂജാദ്രവ്യങ്ങളും ശുദ്ധമാക്കേണ്ടുന്നതിലേക്ക് ഉത്തമനായ ഒരു കൃസ്ത്യാനിയെത്തേടി പടിഞ്ഞാറോട്ട് പുറപ്പെട്ട നമ്പൂതിരിമാർ കണ്ടനാട്ടെ നമ്മുടെ പൂർവ്വികരുമായി ബന്ധപ്പെട്ടു.

കാര്യങ്ങൾ വിശദമായി മനസ്സിലാക്കിയ നമ്മുടെവ പിതാമഹർ നമ്പൂതിരിമാർ മുന്നോട്ടുവച്ച വ്യവസ്ഥകൾ അംഗീകരിക്കുകയും അതിൻ പ്രകാരം ശ്രീ അബ്രഹാം കുടുംബ സമേതം രാമമംഗലത്തേക്ക് നിയോഗിക്കപ്പെടുകയും ചെയ്തു.

രാമമംഗലത്ത് പോയ വല്യപ്പൻ തന്റെ വീതം സ്വത്തിന്റെ ഒരുഭാഗം, എണ്ണയാട്ടുന്ന ചക്ക് ഉൾപ്പെടെ, ഇളയ സഹോദരൻ താഴത്ത് ഇട്ടീര ഉപ്പാപ്പന് നൽകി. വിശേഷാവസരങ്ങളിൽ തറവാട്ടിൽ വിരുന്നുവരുന്ന തന്റെ കുടുംബാംഗങ്ങളുടെയും, വിശേഷാൽ വിവാഹം കഴിച്ചയച്ച സ്ത്രീകളുടെയും മക്കളുടെയും ചെലവുകൾ വഹിക്കേണ്ടുന്നതിലേക്കും ഇപ്രകാരം ചെയ്തു എന്നാണ് വായ്മൊഴി..

നമ്മുടെ പിതാമഹന്മാർ വെളിച്ചെണ്ണ വ്യാപാരികളായിരുന്നു എന്നത് മുൻപ് പ്രസ്താവിച്ചിട്ടുണ്ട്. സ്വന്തമായി ചക്കും കാളകളും ഉണ്ടായിരുന്ന തറവാടായിരുന്നു നമ്മുടേത്. രാമമംഗലത്ത് പോയ വല്യപ്പൻ ഇതിന്റെ അവകാശമൊന്നും കൈപ്പറ്റിയില്ല. ചക്കുകളും കാളകളും താഴത്തെ ആലുങ്കൽ തറവാട്ടിലായിരുന്നു സ്ഥിതിചെയ്തിരുന്നത്. അങ്ങിനെ താഴത്തെ കാരണവർ ശ്രീ ഇട്ടീരായ്ക്ക് രണ്ടു ചക്കുകളും കാളകളും ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു.

ആലുങ്കൽ എന്ന കുടുംബനാമമുള്ള സുറിയാനി കൃസ്ത്യാനികൾ സമീപ പ്രദേശങ്ങളായ ഏഴക്കരനാട്, പാമ്പാക്കുട എന്നീ സ്ഥലങ്ങളിൽ വസിക്കുന്നുണ്ട്. ഇവരിൽ ചിലരുമായി ആശയവിനിമയം നടത്തി എങ്കിലും മൂലകുഡുംബബന്ധങ്ങളെ അപഗ്രഥിക്കുവാൻ സാധിച്ചില്ല. ഈ ദിശയിൽ കൂടുതൽ അന്വേഷണം വേണ്ടിയിരിക്കുന്നു.

**AFF Diary:**

**1. New Executive committee:**

Dr. A.C. Paul- President
Mr. Avira Varghese- Sr. Vice-President
Dr. Suresh Mathew- Vice President
Shri K.V. Mohandas- Vice- President
Shri Elias Abraham- Managing Treasurer
Mrs. Lilly Varghese- Gen. Secretary
Ms. Sanuba Kurian- Secretary (Organization)
Mr. Sherin Baby- Secretary (Programme)
Mr. Paul Mathew (Treasurer)
Mrs. Santa George- Member
Adv. K.A Prakas- Member
Mr. A.A. Abraham- Member
Mr. Saju Peter- Member
Mr. Vinoy Thomas- Member
Mr. A.M. Yohannan, Convenor, Family Awareness Meets
Following members were co-opted to the Executive Committee:
Mr. Saji John
Mr. Arun Paul
Mr. Anoop Paul
Mr. Eldo Vinoy

**2. Birth centinary of Mrs. Saramma Kurian- a remembrance meet:**

The 5th meeting of the Executive Committee was held at the residence of Smt. Sanuba Kurian on 20th October 2013, to coincide with the birth centenary of late Mrs. Saramma Kurian, founder vice-President of AFF. Ms Sanuba Kurian welcomed the members. Adv. K.A Prakas presented a brief life history of Mrs. Saramma Kurain. Dr. A.C. Paul recalled the stellar role played by Ammai in the formation of the Fellowship. Dr. Suresh Mathew recalled the age-long relationship his family had with Mrs. Saramma Kurian. Shri K.V. Mohandas narrated his pleasant experiences with his mothers' family, as an integral part of his childhood.

Mrs. Lalu Daniel, elder daughter of Saramma Ammai, expressed her gratitude to all family members who stood with her during the difficult days of bereavement. She, along with her sister Ms Sanuba Kurian, donated Rs.10,000.00

Towards an educational endowment, to be instituted in AFF, in the name of Mrs. Saramma Kurian and thanked all those who were present in the meeting.

**3. AFF ആദരിച്ച മുതിർന്നവർ**

**കുടുംബ വാർഷികം 2014ൽ ആദരവ് ഏറ്റുവാങ്ങിയ മുതിർന്ന കുടുംബാംഗങ്ങൾ**

ശ്രീമതി അച്ചാമ്മ ജോർജ്ജ്
ശ്രീമതി ഏലിയാമ്മ സ്ലീബ
ശ്രീമതി മോളി മാത്യു
ശ്രീമതി ലീലാമ്മ ജേക്കബ്ബ്
ശ്രീമതി സാറാമ്മ ബേബി
ശ്രീമതി മേരി പോൾ
ശ്രീമതി അന്നമ്മ കുര്യാക്കോ
ശ്രീമതി അമ്മിണി അബ്രഹാം
ഡോ. പി. ജേക്കബ്ബ് പോൾ
ശ്രീ. കെ. പി. മാത്യു

4. Patron Member Rev. Decan Abraham A Alunkal, received the 5th ordination from His Eminence Mor Clemis Eugene Kaplan, Metropolitan of Syriac Orthodox Patriarchate of Antioch on 2nd February, 2014 at Portland, USA. **Our prayers for the Spiritual Elevation of Deacon.**

**5. Generous gestures:**

Our Fellowship has extended educational scholarships and prizes amounting to about Rs10000.00, this year. Our family members contributed generously to these programmes and the Family Day celebrations 2014. Details of these contributions will be presented in the next Newsletter.

**6. Wedding:**

Binitha, daughter of Mrs. Annie Joseph and Mr. Benny Joseph, Vaisiamparabil, Kandanad was wedded to Kurian, son of Mrs. and Mr. Joy, Naduvele Manadiyil, Thammanimattom. The marriage was solemnized at St. Mary's Chappel, Thammanimattom on 12th January 2014. The newly married couple attended the Annual Meet of AFF at Kandanad on 19th January, 2014 and was warmly felicitated.

**7. ജനനം**

സിംസൺ – അനു (കോലാരത്തിൽ) ദമ്പതികൾക്ക് ഒരു മകൻ ജനിച്ചു. കുട്ടിക്ക് ആരോഗ്യവും ദീർഘായുസ്സും നേരുന്നു.

*Science and Spirituality:* (A.C. Paul)

**Environmental Protection**

Bible is the first and last word in environmental protection & preservation: The Holy Psalms 148 read thus: "--------Praise him you sun and moon. Praise him, all you stars of light, Praise him you heavens of the heavens; And you waters that are above the heavens, Let them praise the name of Jehovah, For he himself commanded and they were created, And he keeps them standing forever, to time indefinite. A regulation he has given, and it will not pass away.----------- You mountains all you hills, You fruit trees and all you cedars You wild animals and all you domestic animals You creeping things and winged birds ---------------------------"
How can we humans ever think of destroying the plants, animals, birds, hills, rivers, etc. that Jehovah created?

**ജീവിതചക്രം**

(അനു സാജു)

വീണുടഞ്ഞ കഷ്ണങ്ങളെല്ലാം തിരികെ ചേരുന്നു
ആ പതറിപ്പോയ സ്വരങ്ങളെല്ലാം തിരികെ ചേരുന്നു
മെല്ലെ മെല്ലെ, വെറുതെ വെറുതെ
നിഷ്കളങ്കമായ ഒരുജീവന് അതിന്റെ ബാല്യം നഷ്ടമായി
ഭയത്തിന്റെ കട്ടിയാർന്ന പുതപ്പ് പൊങ്ങി താണു
എപ്പോഴും തനിയെ പറയാനാകാതെ
നിശബ്ദമായി കരഞ്ഞു
കാലങ്ങളായി ഒഴുകിക്കൊണ്ടിരുന്ന
കണ്ണുനീർ നിൽക്കുന്നു.
തുറക്കുന്നു കണ്ണുകൾ ഇതുവരെ അടഞ്ഞത്
മെല്ലെ മെല്ലെ, വെറുതെ വെറുതെ
എന്നിൽ നിന്നും തന്നെ കണ്ണുകൾ മാറ്റി
ഓരോ നിമിഷവും ജീവിച്ചു ഞാൻ
അവൻ ഒഴിച്ചുതന്ന വിഷം
അതു ഞാൻ കുടിച്ചു
എന്റെ മൗനത്തിന്റെ ശീലത്തിൽ ഒളിച്ച്
അവൻ കുറ്റങ്ങൾ ചെയ്തു
ചുണ്ടുകൾ പൂട്ടിയിട്ട താഴു തുറക്കുന്നു
എനിക്കില്ലൊരു കുറവും അതറിയുന്നു ഞാൻ
മെല്ലെ മെല്ലെ, വെറുതെ വെറുതെ
ഉണങ്ങാത്ത മുറിവുകൾ ഉണങ്ങിതുടങ്ങുന്നു
അസഹ്യമായ വേദനയിൽ നിന്നും
മുക്തമാകുന്നു ഞാൻ
ഈ യാത്രയിൽ ഞാൻ ജീവിതം പഠിക്കുന്നു
മെല്ലെ മെല്ലെ, വെറുതെ വെറുതെ.

******